പോർട്ടുകളുടെ വികസനം

* 309. (1059) ശ്രീ. ടി. എ. മജീദ്
,, എം. കെ. ദിവാകരൻ
,, പി. എസ്സ്. ശ്രീനിവാസൻ:—താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡോ—പോം കമ്പനി കേരളത്തിലെ പോർട്ടുകൾ വികസിപ്പിക്കുന്നതിനെപ്പറ്റി ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി എത്ര ചെലവായി;

(സി) കമ്പനിക്ക് എത്രയുക കൊടുത്തു;

(ഡി) ഈ പദ്ധതി തയ്യാറാക്കുന്നതിനെപ്പറ്റി ഇൻഡോ—പോം കമ്പനിയും സംസ്ഥാന ഗവണ്മെൻറുമായി ഒരു എഗ്രിമെൻറ് ഉണ്ടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു; ആ എഗ്രിമെൻറ് അനുസരിച്ചു് എത്ര തുക അവർക്ക് കൊടുക്കണമെന്നാണു് വ്യവസ്ഥ;

(ഇ) എത്രകാലം കൊണ്ടാണു് ഈ സ്കീം തയ്യാറാക്കി ഗവണ്മെൻറിനെ ഏല്പിച്ചതു്; സ്കീമിനെപ്പറ്റിയുള്ള എഗ്രിമെൻറിന്റെ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) സ്കീമിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചി ബാവ):—

(എ) ഉണ്ടു്.

(ബി) 4,92,666 രൂപ ചെലവായിട്ടുണ്ടു്.

(സി) കമ്പനിക്കു് 4,16,750 രൂപ കൊടുത്തു.

(ഡി) ഈ പദ്ധതി തയ്യാറാക്കുന്നതിനെപ്പറ്റി 16—10—1967-ൽ ഇൻഡോ—പോം കമ്പനിയും സംസ്ഥാന ഗവണ്മെൻറും തമ്മിൽ ഒരു എഗ്രിമെൻറു് ഉണ്ടാക്കിയിരുന്നു. 4,14,750 രൂപ ഇൻഡോ-പോം കമ്പനിക്കു് കൊടുത്തുകൊള്ളാമെന്നാണു് വ്യവസ്ഥ.

(ഇ) 16—10—1967 മുതൽ 27—6—1968 വരെയുള്ള കാലഘട്ടത്തിൽ ആണു് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചതു്. പ്രസ്തുത എഗ്രിമെൻറനുസരിച്ചു്, താഴെ പറയുന്ന പ്രധാനപ്പെട്ട ചെറുകിട തുറമുഖങ്ങളുടെ ഭാവി വികസനം എത്രകണ്ടു സാധിക്കുമെന്നതിനെപ്പറ്റി ഇൻഡോ-പോം കമ്പനി റിപ്പോർട്ട് തയ്യാറാക്കി ഗവണ്മെൻറിനു സമർപ്പിക്കണമെന്നുണ്ടായിരുന്നു:

(1) നീണ്ടകര വാണിജ്യമത്സ്യബന്ധന തുറമുഖം.
(2) അഴീക്കോടു്
(3) പൊന്നാനി
(4) ബേപ്പൂർ വാണിജ്യമത്സ്യബന്ധന തുറമുഖം
(5) തലായി
(6) അഴീക്കൽ വാണിജ്യമത്സ്യബന്ധന തുറമുഖം

(എഫ്) മേൽപറഞ്ഞ ചെറുകിട തുറമുഖങ്ങളും വാണിജ്യ-മത്സ്യബന്ധന വികസന തുറമുഖങ്ങളായി വികസിപ്പിക്കുന്നതിനുള്ള സാധ്യത വ്യക്തമാക്കുന്ന റിപ്പോർട്ടാണു് ഇൻഡോ-പോം കമ്പനി തയ്യാറാക്കിയതു്. തുറമുഖങ്ങളും തിരഞ്ഞെടുക്കുന്നതിനു് പ്രകൃതിദത്തമായ സൗകര്യങ്ങളും, ഇപ്പോഴത്തെ കയറ്റുമതി ഇറക്കുമതി കൾക്കു് ഉണ്ടാകാവുന്ന വർദ്ധനവു്, അതിനാവശ്യമായ വാണിജ്യ-മത്സ്യബന്ധന സൗകര്യങ്ങളും തുടങ്ങിയവ കണക്കിലെടുത്തിട്ടുണ്ടു്. 117 കോടി രൂപ 15 വർഷം കൊണ്ടു് ചെലവാക്കേണ്ടിവരുന്ന ശുപാർശകളും പ്രസ്തുത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. മജീദ്:—നാലു ലക്ഷത്തിൽച്ചിലപ്പോൾ ഗ്രൂപ ഇൻഡോ-പോൾ കമ്പനിക്കു കൊടുക്കേണ്ടിവരുന്നതുകൊണ്ട് ഫിനാൻസ് സെക്രട്ടറി തടസ്സം പറഞ്ഞത് ഓവർ റൂൾ ചെയ്തുകൊണ്ടാണോ മുഖ്യമന്ത്രി ആർഡറിട്ടത്?

ശ്രീ. ഇ. കെ. ഇമ്പിച്ചി ബാവ:—മുഖ്യമന്ത്രി ആർഡർ ഇടുന്ന പ്രശ്നമേയില്ല. ഇതു കൈകാര്യം ചെയ്തത് ഞാനും ഫിഷറീസ് ഡിപ്പാർട്ടുമെന്റും ആണ്. മുഖ്യമന്ത്രി എന്നുള്ള നിലയിൽ കാണേണ്ട സന്ദർഭത്തിൽ കാണിക്കുക എന്നുള്ളതല്ലാതെ മുഖ്യമന്ത്രി ആർഡറിടുന്ന പ്രശ്നമില്ല. ഈ കാര്യം ഫിനാൻസ് ഡിപ്പാർട്ടുമെന്റിനെയും കാണിച്ചിട്ടുണ്ട്. അവർ അനുകൂലമായ അഭിപ്രായമാണ് പറഞ്ഞത്.

ശ്രീ. ടി. എ. മജീദ്:—ഇൻഡോ-പോൾ കമ്പനിക്ക് ഈ തുക കൊടുക്കുന്നതിനെ സംബന്ധിച്ച് ഫിനാൻസ് സെക്രട്ടറിയുടെ അഭിപ്രായമെന്തായിരുന്നു?

ശ്രീ. ഇ. കെ. ഇമ്പിച്ചി ബാവ:—കൊടുക്കാമെന്നുള്ളതു തന്നെയാണ്.

ശ്രീ. ടി. എ. മജീദ്:—ഇതൊരു ചെറുകിട പദ്ധതിയല്ല, അതുകൊണ്ട് മറ്റ് ഏതെങ്കിലും കമ്പനിക്കാർ കുറഞ്ഞ ചെലവിൽ തയ്യാറാക്കിത്തരാൻ തയ്യാറുണ്ടോ എന്ന് അന്വേഷിച്ചശേഷം മാത്രം ഈ ഗ്രൂപ അനുവദിച്ചാൽ മതി എന്ന് ഫിനാൻസ് സെക്രട്ടേറിയറ്റ് അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചി ബാവ:—അങ്ങനെയൊന്നും പറഞ്ഞതായി പറയാൻ സാധിക്കുകയില്ല. ഇല്ലെന്നാണ് ഇവിടെ കാണുന്നത്. ഏറ്റവും മെച്ചപ്പെട്ട രീതിയിൽ സ്കീം തയ്യാറാക്കിത്തരാൻ മുന്നോട്ടുവന്നവരെക്കൊണ്ട് അതു തയ്യാറാക്കി. ഏറ്റവും നല്ല സ്കീമാണെന്ന് പരക്കെ അഭിപ്രായമുണ്ടായിട്ടുണ്ട്. കേരളത്തിലെന്നല്ല ഇൻഡ്യയിൽത്തന്നെ ഇത്ര വിലമതിക്കത്തക്ക ഒരു സ്കീം കിട്ടിയിട്ടില്ല എന്നാണ് വി. കെ. ആർ. വി. റാവു പാർലമെന്റിൽ പറഞ്ഞിട്ടുള്ളത്. അവിടെ മാത്രമല്ല, നരേന്ദ്രൻ ഹാർബർ ബോർഡ് യോഗത്തിൽ പറഞ്ഞിട്ടുണ്ട്, നാട്ടിലെല്ലാം പ്രസംഗിച്ചിട്ടുണ്ട്. നമ്മുടെ ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാർക്കും ഇതിനെപ്പറ്റി നല്ല അഭിപ്രായമാണുള്ളത്. പിന്നെ പോളിഷ് കമ്പനി ഏതു താൽപര്യത്തിനുവേണ്ടിയാണു നിൽക്കുന്നതെന്നുള്ളതു മാന്യ മെമ്പർക്കും അറിയാമല്ലോ.

ശ്രീ. ടി. എ. മജീദ്:—ഏതു താൽപര്യത്തെയാണ് പ്രതിനിധാനം ചെയ്യുന്നതെന്നൊക്കെ അറിയാം. സ്കീം വളരെ നല്ലതുമായിരിക്കാം. അതല്ല പ്രശ്നം: നാലു ലക്ഷത്തിൽച്ചിലപ്പോൾ ഗ്രൂപ ഇൻഡോ-പോൾ കമ്പനിക്കു കൊടുക്കുന്ന കാര്യത്തിൽ ഗവണ്മെന്റു ചട്ടങ്ങളും അനുസരിച്ചില്ല. തുക കൊടുക്കുന്നതു വളരെ ജാഗ്രതയോടുകൂടി വേണമെന്നു ഫിനാൻസ് സെക്രട്ടറി പറഞ്ഞതു ശ്രദ്ധിക്കാതെയാണ് കൊടുത്തിരിക്കുന്നത്. അതേപ്പറ്റി മന്ത്രി സംശയം പ്രകടിപ്പിച്ചിരിക്കുന്ന സ്ഥിതിക്കു ഫയൽ മേശപ്പുറത്തു വയ്ക്കാമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചി ബാവ:—സർ, അങ്ങ് ആവശ്യപ്പെടുന്നപക്ഷം അതനുസരിച്ചു ചെയ്യാം. വളരെ ക്ലീയറായ കാര്യങ്ങളാണ്. വല്ല സംശയവുമുണ്ടെങ്കിൽ മാന്യ മെമ്പർക്കു നോക്കാം. അതല്ലാതെ എല്ലാ രേഖകളും ഇവിടെ കൊണ്ടുവന്നിട്ട്, നോക്കാൻ ആളില്ലാതെ വരുന്നതിന്റെ ആവശ്യമുണ്ടോ; ശരിയായി നടന്നിട്ടുള്ള ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുടെ പേരിൽ ആവലാതി പറയണമെന്നുണ്ടോ?

ഡെപ്യൂട്ടി സ്പീക്കർ:—നോക്കാൻ ആളില്ല എന്നുള്ളതു ശരിയല്ല. ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിൽ ആളുണ്ട്. ആ ഭാഗം പ്രൊസീഡിംഗ്സിൽനിന്നു മാറ്റിക്കളയുന്നതാണ്.

ശ്രീ. കെ. കരുണാകരൻ:—സർ, നോക്കാൻ ആളില്ലെന്നു പറഞ്ഞതു ശരിയല്ല. അങ്ങനെ ഒഴിഞ്ഞുമാറാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ്: സർ, എല്ലാ രേഖകളും ഇപ്പോൾ കൊണ്ടുവന്നു് ഇടാനൊക്കുകയില്ല എന്നു പറഞ്ഞതു് ശരിയല്ല.

ഡെപ്യൂട്ടി സ്പീക്കർ: അതുകൊണ്ടാണു് അപ്പോൾത്തന്നെ അതു മാറ്റിക്കളയാൻ പറഞ്ഞതു്.

ശ്രീ. ഇ. കെ. ഇമ്പിച്ചി ബാവ: ഇതു് ആരോപണരൂപത്തിൽ പത്രത്തിൽ വന്നപ്പോൾ ഗവണ്മെന്റു പ്രസ്താവികരിച്ച വിശദീകരണത്തെക്കുറിച്ചു് മാന്യമെമ്പർ വായിച്ചുകാണുമെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഇല്ലെങ്കിൽ ഞാൻ സഭയിൽ വായിക്കാം.

ശ്രീ. ടി. എ. മജീദു്: പത്രക്കുറിപ്പു ഞാൻ വായിച്ചിട്ടുണ്ടു്. അതല്ല ചോദിച്ചതു്.

ശ്രീ. ഇ. കെ. ഇമ്പിച്ചി ബാവ: സർ, പ്രസക്തമായ ഭാഗം വായിക്കാം.

ഡെപ്യൂട്ടി സ്പീക്കർ: മറുപടി പറഞ്ഞാൽ മതി.

ശ്രീ. ഇ. കെ. ഇമ്പിച്ചി ബാവ: അങ്ങു പറഞ്ഞാൽ ചെയ്യാൻ തയ്യാറാണു്.

ഡെപ്യൂട്ടി സ്പീക്കർ: അതു മിനിസ്റ്ററുടെ ഡിസ്ക്രീഷൻ അനുസരിച്ചുള്ളതാണു്. മേശപ്പുറത്തു വയ്ക്കുകയോ വയ്ക്കാതിരിക്കുകയോ മിനിസ്റ്റർക്കു ചെയ്യാം; ചെയറിന്റെ ആവശ്യപ്പെടൽ ഇല്ല.

ശ്രീ. ടി. എ. മജീദു്: ഫയൽ മേശപ്പുറത്തു വയ്ക്കാൻ തയ്യാറാണോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചി ബാവ: മേശപ്പുറത്തു വയ്ക്കണം, വയ്ക്കണം, എന്നു പറയുന്നതു് എനിക്കു മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട മെമ്പർക്കു് എന്റെ ആഫീസിൽ വന്നു നോക്കാമല്ലോ.

ശ്രീ. ടി. എ. മജീദു്: ആഫീസിൽവന്നു നോക്കുന്ന കാര്യമല്ല ചോദിച്ചതു്, മേശപ്പുറത്തു വയ്ക്കാൻ തയ്യാറാണോ എന്നാണു്.

ശ്രീ. ഇ. കെ. ഇമ്പിച്ചി ബാവ: സർ, ഞാൻ ഫയൽ മേശപ്പുറത്തു വയ്ക്കാൻ തയ്യാറാണു്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇൻഡോ-പോം കമ്പനിയുമായുള്ള ചർച്ചയിൽ ട്രാൻസ്പോർട്ടു മന്ത്രിയും ഫിഷറീസ് വകുപ്പു മന്ത്രിയും പങ്കെടുത്തിട്ടുണ്ടെന്നു പറഞ്ഞു. ഏതു ഘട്ടത്തിൽ എപ്പോഴെല്ലാം ഫിഷറീസ് വകുപ്പും വകുപ്പു മന്ത്രിയും ഇടപെട്ടു എന്നു പറയാമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഏതേതുഘട്ടത്തിൽ പങ്കെടുത്തിട്ടുണ്ടെന്നുള്ളതു് റിക്കാർഡുകളിൽ കാണും. മരിച്ചുപോയ മന്ത്രിയും മരിക്കാത്ത മന്ത്രിയും പങ്കെടുത്തിട്ടുള്ളതു് അതിൽ കാണാം.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ധനകാര്യവകുപ്പും ആസൂത്രണവകുപ്പും ഈ ഇടപാടിൽ സംശയം പ്രകടിപ്പിക്കുകയും പരിശോധനയാവശ്യമാണെന്നു പറയുകയും ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത നിഷേധിക്കാമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇതു പറഞ്ഞതാണു്.

ശ്രീ. എം. കെ. ദിവാകരൻ: ഇൻഡോ-പോം കമ്പനിക്കു പുറമേ മറ്റേതെങ്കിലും കമ്പനി ഇതിനു മുന്നോട്ടു വന്നിരുന്നോ ? മറ്റാരെയെങ്കിലും അറിയിച്ചിരുന്നോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: രാജ്യത്തുള്ള എല്ലാവരെയും വിളിച്ചുവരുത്തി നോക്കിയിട്ടല്ല ഇത്തരം പദ്ധതി തയ്യാറാക്കുക. വികസനത്തിനു് സഹായിക്കാൻ തയ്യാറുള്ളവരെ ക്ഷണിച്ചുവരുത്തുകയും റിപ്പോർട്ട തയ്യാറാക്കുകയും ചെയ്യുകയാണു പതിവു്.

ശ്രീ. ഇ. അഹമ്മദു്: ഈ പദ്ധതിക്കു് നാലു ലക്ഷത്തിൽച്ചിലപാനം രൂപയാണു് ചെലവായതെന്നു പറഞ്ഞു. കമ്പനിക്കു കൊടുത്തതു് ഒരു ലക്ഷത്തിൽപ്പരം രൂപയാണു്. അങ്ങനെയാണെങ്കിൽ ബാക്കി സംഖ്യ എന്തിനു ചെലവായി ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: 4,92,666 രൂപയാണു ചെലവായതു്. 4,14,750 രൂപ കമ്പനിക്കു കൊടുത്തു. ബാക്കിയുള്ള സംഖ്യ സ്റ്റോറു ഗവണ്മെൻറിന്റെ ഇതു സംബന്ധിച്ച മറ്റു നടപടികൾക്കു ചെലവായിട്ടുള്ളതാണു്.

WRITTEN ANSWERS

സഹകരണ അസിസ്റ്റൻറു് രജിസ്ട്രാറന്മാർ

*310 (1064) ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ജലസേചനവും സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഡിറ്റു വിഭാഗത്തിൽ അസിസ്റ്റൻറു് രജിസ്ട്രാറന്മാരെ താലൂക്കു ലവലിൽ സ്ഥിരം ആഫീസറന്മാരായി നിയമിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നടപടി എന്നുമുതൽ നടപ്പിലാക്കാനാണു് ഉദ്ദേശിക്കുന്നതു് ?

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പു്)

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഉപതിരഞ്ഞെടുപ്പുകൾ:

*311 (1070) ശ്രീ. സി. എം. കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗത മന്ത്രി സദയം മറുപടിനൽകുമോ:

(എ) ആറന്മുള, മലപ്പുറം എന്നീ നിയോജകമണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പുകൾക്കു് ഈ ഗവണ്മെൻറിനു് എത്ര സംഖ്യ ചെലവായി;

(ബി) ചെലവായ ഇനങ്ങൾ എന്തൊക്കെയാണു്?

ഗതാഗതമന്ത്രി (ശ്രീ ഇ. കെ. ഇമ്പിച്ചിബാവ)

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനു് 24,443രൂ. 9 പൈസായും, മലപ്പുറം നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനു് 35,218രൂ. 53 പൈസയും ഗവണ്മെൻറിനു് ചെലവായി.

(ബി) വോട്ടർ പട്ടിക പുതുക്കി തയ്യാറാക്കുന്നതിനു് എന്യൂമറേറ്റർമാർക്കും പകർത്തിയെഴുത്തുകാർക്കും നൽകിയ പ്രതിഫലം, അച്ചടിച്ചിലവു്, ഉപതിരഞ്ഞെടുപ്പു് ജോലിയ്ക്കു നിയുക്തരായ ഉദ്യോഗസ്ഥന്മാരുടെ യാത്രപ്പടി, ശമ്പളം, അലവൻസു് എന്നിവ, വാഹനങ്ങളുടെ, സ്റ്റേഷനറി എന്നീ ഇനങ്ങളിലാണു് ചെലവുണ്ടായതു്.

LIBRARY ARCHIVES Kerala Legislative Assembly